വയനാട്	1,730
കണ്ണൂർ	12,551
കാസർഗോഡ്	2,030
ആകെ	2,08,977

തൊഴിലില്ലായ്മ വേതനത്തിന് 1982-83 മുതൽ ബഡ്ജറ്റിൽ വകകൊള്ളിച്ച സംഖ്യ

791. [982] ശ്രീ. കെ. പി. പ്രഭാകരൻ :
,, വി. കെ. രാജൻ :
,, കെ. ടി. കുമാരൻ :
,, കെ. വി. സുരേന്ദ്രനാഥ് :

ഡോക്ടർ എ. സുബ്ബറാവു : താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

1982-83, 1983-84, 1984-85, 1985-86 എന്നീ ഓരോ വർഷത്തിലും തൊഴിലില്ലായ്മാ വേതനത്തിനുവേണ്ടി ബഡ്ജറ്റിൽ വക കൊള്ളിച്ച സംഖ്യ എത്ര ?

ഉത്തരം

തൊഴിലില്ലായ്മ വേതനത്തിനും സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതികളും കൂടി ബഡ്ജറ്റിൽ വക കൊള്ളിച്ച സംഖ്യയുടെ കണക്ക് താഴെ കൊടുക്കുന്നു.

1982-83	12,60,00,000
1983-84	8,77,90,000
1984-85	9,00,00,000
1985-86	12,10,72,800

തൊഴിലില്ലായ്മാ വേതനം ലഭിക്കുന്ന ബിരുദധാരികൾ

792. [983] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

സംസ്ഥാനത്ത് 1986 മാർച്ച് 31-ലെ കണക്ക് പ്രകാരം തൊഴിലില്ലായ്മാവേതനം പറ്റുന്നവരിൽ ബിരുദധാരികൾ എത്ര ?

ഉത്തരം

തൊഴിലില്ലായ്മാ വേതനത്തിനു അപേക്ഷിക്കുന്നതിനുള്ള കുറഞ്ഞ യോഗ്യത എസ്. എസ്. എൽ. സി. ആണ്. അതുകൊണ്ട് തൊഴിലില്ലായ്മാ വേതനം പറ്റുന്ന ബിരുദധാരികളുടെ കണക്ക് പ്രത്യേകം ലഭ്യമല്ല.

എടക്കാട് നിയോജകമണ്ഡലത്തിൽ തൊഴിലില്ലായ്മാ വേതനം ലഭിച്ചവർ

793. [984] ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

1980-81, 1981-82, 1982-83, 1983-84, 1985-86 എന്നീ വർഷങ്ങളിൽ എടക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട എടക്കാട്, മുഴുപ്പിലങ്ങാട്, കടംപുർ, പെരളശ്ശേരി, ചെംപിലോട്, മുണ്ടേരി, അഞ്ചരക്കണ്ടി എന്നീ പഞ്ചായത്തുകളിൽ എത്രപേർക്ക് തൊഴിലില്ലായ്മാവേതനം നൽകിയെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമല്ല. തൊഴിലില്ലായ്മാ വേതനത്തിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതും അനന്തര നടപടികൾ കൈക്കൊള്ളുന്നതും വില്ലേജ് അടിസ്ഥാനത്തിലാണ്.

തോട്ടം തൊഴിലാളികൾക്ക് ലഭിക്കുന്ന ഡി. എ.

794. [985] ശ്രീ. കെ. കെ. തോമസ് :

,, എ. സി. ജോസ് :

,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ :

,, കെ. രാഘവൻ മാസ്റ്റർ :

,, രാഘവൻ പൊഴക്കടവിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോട്ടം തൊഴിലാളികൾക്ക് ലഭിച്ചു വരുന്ന ഡി. എ. ഈ വ്യവസായ തൊഴിലാളികൾക്ക് ലഭിക്കുന്നതിനെക്കാൾ കുറവാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവരുടെ ഡി. എ. ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) തോട്ടം തൊഴിലാളികൾക്ക് സർക്കാർ കുറഞ്ഞ കൂലി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് കുറഞ്ഞ കൂലി നിജപ്പെടുത്തിയിട്ടില്ല. അതിനാൽ ഈ രണ്ടുകൂട്ടരുടേയും ക്ഷാമബത്ത ഏകീകരിക്കുന്ന പ്രശ്നം ഉദിക്കുന്നില്ല.

രജിസ്റ്റർ ചെയ്യപ്പെട്ട തൊഴിലാളി യൂണിയനുകളുടെ ജില്ല തിരിച്ചുള്ള കണക്ക്

795. [986] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :

,, എ. വി. അബ്ദുറഹിമാൻ ഹാജി :

,, സി. ടി. അഹമ്മദ് അലി :

,, കെ. പി. എ. മജീദ് :

,, പി. എം. അബൂബക്കർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തൊഴിൽ മേഖലയിൽ ഇപ്പോൾ രജിസ്റ്റർ ചെയ്യപ്പെട്ട തൊഴിലാളി യൂണിയനുകൾ എത്ര ഉണ്ട് ;

(ബി) അവയുടെ ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം രജിസ്റ്റർ ചെയ്യപ്പെട്ട തൊഴിലാളി യൂണിയനുകൾ എത്ര ;

(ഡി) അവയുടെ ജില്ല തിരിച്ചുള്ള കണക്കെത്ര ?

ഉത്തരം

(എ) 30-9-1986 വരെ 9156 തൊഴിലാളിയൂണിയനുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	1434
കൊല്ലം	1525

LIBRARY ARCHIVES Kerala Legislative Assembly